LIBRARY ARCHIVES Kerala Legislative Assembly

**ആലത്തൂർ മണ്ഡലത്തിലെ സൗജന്യ വൈദ്യുതി കണക്ഷനുകൾ**

204(5363) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് വൈദ്യുതി സൗജന്യമായി ലഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഗുണഭോക്താക്കൾ ആരൊക്കെയെന്നും എത്ര യൂണിറ്റ് വൈദ്യുതി വീതമാണ് നൽകുന്നതെന്നും വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ 275 കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി ലഭിക്കുന്നുണ്ട്. പ്രസ്തുത ഉപഭോക്താക്കളുടെ വിവരങ്ങളും വൈദ്യുതി ഉപഭോഗവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക**

205(5364) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ വൈദ്യുതി ബോർഡിന് ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ള ഉപഭോക്താക്കളിൽനിന്ന് ചാർജ്ജിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കാനായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക കുടിശ്ശികയായി പിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ വൈദ്യുതി ബോർഡിന് ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ള ഉപഭോക്താക്കളിൽനിന്ന് ചാർജ്ജിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ഇരിക്കൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

206(5365) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 1545 വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.